## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2516 08.05.2017-ലെ മറുപടി**

### ചേലക്കര ആലംകോട്ടുകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.യു. ആർ. പ്രദീപ്: | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ | 2015-16 വർഷം ചേലക്കര നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽ നിന്നും 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതും കെ.ഡബ്ല്യു.എ.യ്ക്ക് നിർമ്മാണ ചുമതല നൽകിയതുമായ ചേലക്കര പഞ്ചായത്ത് വാർഡ് 9 ആലംകോട്ടുകുന്ന് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ഇതുവരെയും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | ഈ പ്രവൃത്തി ആരംഭിക്കുന്നതിന് എന്താണ് തടസ്സമെന്ന് വെളിപ്പെടുത്തുമോ; | ബി യും സി യും | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് നിർദ്ദേശിച്ച സ്ഥലത്ത് കുഴൽ കിണർ നിർമ്മിക്കുന്നതിന് ആവശ്യമായ റിഗ്ഗ് എത്തുന്നതിന് സാധ്യമല്ല. ആയതിനാൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തി പുതിയ സ്ഥാനം ഏപ്രിൽ മാസത്തിൽ നിർണ്ണയിച്ച് കിട്ടിയിട്ടുണ്ട്. സ്ഥാനം നിർണ്ണയിക്കുന്നതിനും കുഴൽ കിണർ കുഴിക്കുന്നതിനും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ പണം അടച്ചിട്ടുണ്ട്. കിണർ നിർമ്മാണം ഉടനടി പൂർത്തിയാകും എന്നാണ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടുള്ളത്. കിണർ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി പൂർത്താകരിക്കാവുന്നതാണ്. |
| സി | കെ.ഡബ്ല്യു.എ.യുടെ ഭാഗത്തിനും നിന്നും പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് എന്തു കൊണ്ടാണ്; വിശദമാക്കുമോ; | | |
| ഡി | ഭരണാനുമതി നൽകി ഒരു വർഷം കഴിഞ്ഞത് കണക്കി ലെടുത്തും പദ്ധതി പ്രദേശത്ത് അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് കണക്കിലെടുത്തും പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ കർശന നിർദ്ദേശം കെ.ഡബ്ല്യു.എ. തൃശ്ശൂർ ഡിവിഷന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി | അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഇ | എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | ഇ | കിണർ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ